# യുക്തിവാദത്തിന്റെ ആശയത്തകർച്ചകൾ

റജീബ് എ

യുക്തിയും ബുദ്ധിയും ഉപയോഗിച്ച് പ്രപഞ്ചത്തെയും പ്രകൃതിയെയും മനുഷ്യജീവിതത്തെയും വിശകലനം ചെയ്യുന്നനിലപാടാണ് ഒറ്റവാക്കിൽ യുക്തിവാദം. യുക്തിക്ക് പ്രാമാണ്യം കൽപിക്കുന്ന വാദഗതികൾ യുക്തിവാദത്തിലുണ്ട്. എന്നാൽ പ്രമാദരഹിതവും അടിത്തറയുള്ളതുമായ ഒരു ജീവിതദർശനമല്ല യുക്തിവാദം. മതാധിഷ്ഠിത ജീവിതാവബോധങ്ങൾ, വിശ്വാസത്തിലും ആസ്തിക്യബോധത്തിലും അധിഷ്ഠിതമായ ജീവിതചിന്താഗതികൾ എന്നിവയുമായി തുലനം ചെയ്തു ചിന്തിക്കുമ്പോൾ വളർച്ചയെത്തിയ ഒരു ജീവിതവീക്ഷണമാണ് യുക്തിവാദമെന്ന് പറയാവുന്നതല്ല. പലപ്പോഴും വ്യക്തികളുടെ ജ്ഞാനപരവും ചിന്താപരവുമായ പരിമിതികൾക്ക് വിധേയമാണ് യുക്തിവാദം. ശാസ്ത്രാധിഷ്ഠിതമായ ചിന്താഗതികൾ വെച്ചുപുലർത്തുക, ജീവിതത്തെ സംബന്ധിച്ച് വസ്തുനിഷ്ഠമായ നിലപാടുകൾ സ്വീകരിക്കുക, യാതൊരു അതീത ശക്തികളിലും ആശ്രയം കണ്ടെത്താതിരിക്കുക തുടങ്ങിയ നിലപാടുകളുള്ളവരെ യുക്തിവാദികൾ എന്നുപറയാറുണ്ട്. എന്നാൽ നിരവധി അവാന്തര ചിന്താഗതികളും ഉപാശയങ്ങളും കൂടിച്ചേർന്ന ഒരു മേഖലയാണ് യുക്തിവാദമെന്നാണ് പൊതുവിൽ വിവക്ഷിക്കപ്പെടുന്നത്. യുക്തിവാദികളിൽ ഓരോ വ്യക്തിയും അവരുടേതായ രീതിയിൽ യുക്തിവാദത്തെ നിർവചിക്കുന്നു എന്നത് ഒരു സംഘടിതമായ ആശയാദർശ മേഖലയായി യുക്തിവാദം വളർച്ച നേടിയിട്ടില്ല എന്നതിന്റെ നിദർശനമാണ്. വ്യക്തികളുടെ നിർവചനങ്ങൾക്കപ്പുറത്തേക്ക് യുക്തിവാദം വളർന്നെത്തിയിട്ടില്ല എന്നർത്ഥം. പാശ്ചാത്യ സമൂഹങ്ങളിലടക്കം യുക്തിവാദികൾ എന്നറിയപ്പെടുന്ന ചിന്താഗതിക്കാർ പലരുമുണ്ടെങ്കിലും, അവർ തങ്ങളുടെ യുക്തിവാദത്തിന് താത്വികമായ ഒരടിത്തറ കണ്ടെത്തിയിട്ടുള്ളവരല്ല. അവരുടേതായ രീതിയിൽ അവർ സ്വയം യുക്തിവാദികളായി ചിത്രീകരിക്കുകയാണ്. പൊതുവിൽ യുക്തിവാദികളെന്ന് വിവക്ഷിക്കപ്പെടുന്നവർ ഇവരാണ്:

(1) പ്രകൃത്യാതീതമായ ഒരു ശക്തിയിലും വിശ്വസിക്കാത്തവർ (2) മതം, ആത്മീയത എന്നിവയിൽ ജീവിതദർശനം കണ്ടെത്താത്തവർ (3) പ്രപഞ്ചത്തിന്റെയും ലോകത്തിന്റെയും സൃഷ്ടികർത്താവും സംരക്ഷകനുമായി ഒരു ശക്തിയെ കാണാത്തവർ (4) മരണാനന്തര ജീവിതം, ആത്മാവ് എന്നിവയിൽ വിശ്വാസമില്ലാത്തവർ (5) മതനിരപേക്ഷമായ ജീവിതരീതികൾ പിന്തുടരുകയും ജീവിതത്തിൽ ശാസ്ത്രീയബോധം നിലനിർത്തുകയും ചെയ്യുന്നവർ (6) സാമൂഹ്യവൈയക്തിക മേഖലകളിൽ സ്വതന്ത്ര സമീപനങ്ങൾ അവലംബിക്കുന്നവർ (7) മനുഷ്യജീവിതത്തിന് പ്രത്യേക അർത്ഥമോ ലക്ഷ്യമോ ഉണ്ടെന്ന് കരുതാത്തവർ.

യുക്തിവാദികളെ അവർ പുലർത്തുന്ന ജീവിത വീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ നിർവചിക്കുമ്പോൾ ലഭിക്കുന്നതാണ് മേൽപറഞ്ഞ ഏഴ് വിഭാഗങ്ങൾ. ആഗോളതലത്തിൽ പ്രത്യേകിച്ച് ചില പാശ്ചാത്യ സമൂഹങ്ങളിൽ മതവുമായി ബന്ധപ്പെട്ട ആദർശങ്ങളും വിശ്വാസങ്ങളും പുലർത്തിക്കൊണ്ടുതന്നെ യുക്തിവാദികൾ എന്ന് വിശേഷിപ്പിക്കപ്പെടുന്നവരുണ്ട്. റാഷണലിസം, ഏയ്ത്തിസം എന്നിങ്ങനെ രണ്ട് വിഭിന്ന അടിസ്ഥാന വഴികളിലൂടെ യുക്തിവാദ ചിന്താഗതികൾ വേർതിരിഞ്ഞുപോയതിന്റെ ഫലമാണിത്. ശാസ്ത്രാധിഷ്ഠിതമായ ജ്ഞാനം, ജീവിതാവബോധം, വസ്തുനിഷ്ഠമായ അറിവിന്റെയും വിശകലനത്തിന്റെയും രീതികൾ എന്നിവയുള്ളതാണ് റാഷണലിസം. വിശ്വാസവും, ജീവിത നിലനിൽപിന് വ്യക്തികൾക്ക് ഉചിതമെന്ന് തോന്നുന്ന ആശയങ്ങളും പിന്തുടർന്നുകൊണ്ട് ജീവിക്കുന്ന ചിന്താഗതിയാണ് റാഷണലിസം. ശാസ്ത്രാധിഷ്ഠിതമായ ജീവിതാവബോധമെന്ന് ഇതിനെ വിളിക്കാം. നിരീശ്വരത്വം റാഷണലിസത്തിന്റെ അവിഭാജ്യ ഘടകമല്ല.

എന്നാൽ ''ഏയ്ത്തിസം'' നിരീശ്വരത്വത്തിൽ അധിഷ്ഠിതമായ ധാർമിക വാദമാണ്. പ്രപഞ്ചാതീതമോ പ്രപഞ്ചാധീനമോ ആയ ഏതെങ്കിലും ശക്തിയിലുള്ള വിശ്വാസം എതീസ്റ്റുകൾക്ക് പാടില്ലാത്തതാണ്. വിശ്വാസ- ജീവിത മേഖലകളിൽ മതവുമായോ പ്രാചീന മൂല്യസംഹിതകളുമായോ ഏതെങ്കിലും നിലക്ക് ബന്ധപ്പെടുന്നവരെ എതീസ്റ്റുകൾ എന്നുപറയാവതല്ല. അടിയുറച്ച നാസ്തിക ജീവിതാവബോധമാണ് എതീസ്റ്റ് എന്ന് ഒരു വ്യക്തി വിശേഷിപ്പിക്കപ്പെടാൻ ആവശ്യം. ''ഏയ്ത്തിസവും' ''റാഷണലിസവും' തമ്മിലുള്ള ഈ വേർതിരിവ് ആഗോളതലത്തിൽ പ്രകടമാണ്. എതീസ്റ്റുകളും, റാഷണലിസ്റ്റുകളും പാശ്ചാത്യ സമൂഹത്തിലുണ്ട്. എന്നാൽ

ഈ വശം വേണ്ടത്ര പരിഗണിക്കുന്നവരല്ല കേരളത്തിലെയും ഇന്ത്യയിലെയും യുക്തിവാദികൾ. അവർ റാഷണലിസത്തെയും ഏയ്ത്തിസത്തെയും ഒന്നാണെന്നു കരുതിവരുന്നു. യുക്തിവാദികൾ അനിവാര്യമായും നിരീശ്വരവാദികളായിരിക്കണമെന്നാണ് അവരുടെ നിലപാട്. മതവുമായും വ്യക്തിയുടെ സാമൂഹ്യവ്യവഹാരങ്ങളുമായും ഒരു യുക്തിവാദി ബന്ധപ്പെടുന്നത് ശരിയല്ല എന്നാണ് യുക്തിവാദത്തിന്റെ മുഖലക്ഷണമായി ഇന്ത്യൻ യുക്തിവാദികൾ പലരും കാണുന്നത്. മതവും മനുഷ്യനും സാമൂഹ്യ സംവിധാനവും തമ്മിലുള്ള ബന്ധം ഇന്ത്യയിലെ യുക്തിവാദികൾ വേണ്ടത്ര, വേണ്ടവിധത്തിൽ പരിഗണിക്കുന്നില്ല. അതുകൊണ്ട് ഇന്ത്യയിലെ യുക്തിവാദം ബാലിശങ്ങളായ ചില പിടിവാദങ്ങളുടെയും ദുർവാശികളിലധിഷ്ഠിതമായ നിലപാടുകളുടെയും പര്യായപദമായിത്തീർന്നിരിക്കുന്നു.

കേരളത്തിലെ ആദ്യകാല യുക്തിവാദി നേതാക്കളായിരുന്ന എം.സി. ജോസഫ്, രാമവർമ തമ്പാൻ, സഹോദരൻ അയ്യപ്പൻ തുടങ്ങിയ പലരും വ്യക്തിജീവിതത്തിലും സാമൂഹ്യഘടനയിലും മതം ചെലുത്തുന്ന സ്വാധീനം അംഗീകരിച്ചിരുന്നു. തന്റെ മക്കളോട് പള്ളിയിൽ പോകരുത് എന്ന് എം.സി. ജോസഫ് ഒരിക്കലും വിലക്കിയിരുന്നില്ല. മാത്രവുമല്ല ഒരു ക്രൈസ്തവ കുടുംബത്തിൽ പാരമ്പര്യമായി ആചരിച്ചുവന്നിരുന്ന പല കാര്യങ്ങളും അദ്ദേഹത്തിന്റെ കുടുംബത്തിൽ ആചരിച്ചിരുന്നു. അച്ചൻമാരും, കന്യാസ്ത്രീകളും, വിശ്വാസികളുമായി എം.സി. ജോസഫ് പുലർത്തിയിരുന്ന ബന്ധം ശക്തമായിരുന്നു. യുക്തിവാദി മാസികയിൽ എഴുതിയ ചില ലേഖനങ്ങളിലും, പല പ്രസംഗങ്ങളിലും, സൗഹൃദ സംഭാഷണങ്ങളിലും മറ്റും ഏതെങ്കിലും തരത്തിൽ വ്യക്തിക്കോ സമൂഹത്തിനോ മതം ഗുണം ചെയ്യുന്നുണ്ടെങ്കിൽ ആ ഗുണം അവഗണിക്കേണ്ടതില്ല എന്ന് എം.സി. ജോസഫ് നിലപാട് സ്വീകരിച്ചിരുന്നു. സഹോദരൻ അയ്യപ്പൻ മതത്തിന് ''ധർമം'' എന്ന പുതിയ വിശേഷണം നൽകുകയും, മതവും ദൈവവും ആവശ്യമില്ലെങ്കിൽപോലും ധർമം ആവശ്യമാണ് എന്ന് വാദിക്കയും ചെയ്തു. വ്യക്തികൾ അവരുടെ ജീവിതത്തിലും സമൂഹത്തിലും നിർവഹിക്കേണ്ടുന്ന ഉത്തരവാദിത്വങ്ങളെയാണ് സഹോദരൻ അയ്യപ്പൻ ധർമമെന്ന് നിർവചിച്ചത്. ''ജാതി വേണ്ട മതം വേണ്ട ദൈവം വേണ്ട മനുഷ്യന്ന്; വേണം ധർമം വേണം ധർമം വേണം ധർമം യഥോചിതം'' എന്ന സഹോദരൻ അയ്യപ്പന്റെ പ്രശസ്തമായ വാക്യങ്ങൾ ഈ ആശയതലത്തിൽ നിൽക്കുന്നവയാണ്.

എ.ടി. കോവൂരിനെപ്പോലുള്ളവരാണ് നിഷ്ക്കരുണം തള്ളിക്കളയേണ്ട വിഷയമാണ് മതം എന്ന് വാദിക്കയും, ഈ രീതിയിൽ ചിന്തിക്കുന്ന ഒരു യുക്തിവാദി തലമുറയെ ഇവിടെ രൂപപ്പെടുത്തുകയും ചെയ്തത്. മതം എല്ലാ ചൂഷണങ്ങളുടെയും അടിത്തറയാണ് എന്നുപറയുന്നവർ അർത്ഥമാക്കിയത് ജീവിതത്തിന്റെ സമസ്ത മേഖലകളിലും മതത്തെ തള്ളിക്കളയലാണ് സ്വാതന്ത്ര്യത്തിന്റെ യഥാർത്ഥരൂപം എന്നാണ്. എന്നാൽ മതത്തിന്റെയും പാരമ്പര്യ വിശ്വാസാചാരങ്ങളുടെയും നന്മകളിൽ ചിലതെങ്കിലും ഉൾക്കൊള്ളുവാൻ എം.സിയെപ്പോലുള്ളവർ വൈമനസ്യം കാണിച്ചില്ല.

മതം സമൂഹത്തിൽ ചെലുത്തുന്ന സ്വാധീനത്തിന്റെ ആഴവും പരപ്പും തിരിച്ചറിഞ്ഞ ചിലരാണ് നാസ്തിക സമൂഹം, യുക്തിവാദ കുടുംബ വ്യവസ്ഥ തുടങ്ങിയ പുതിയ ആശയങ്ങളുമായി രംഗത്തുവന്നത്. കേരളത്തിലെ പാരമ്പര്യ ക്രൈ സ്തവ കുടുംബങ്ങളിൽ നിന്ന് യുക്തിവാദികളായി മാറിയ പലരും യുക്തിവാദത്തെയും സാമൂഹ്യഘടനയെയും തമ്മിൽ ബന്ധിപ്പിക്കുവാൻ ''നാസ്തികമതം'' പോലുള്ള വികലമായ ആശയങ്ങളുമായി രംഗത്തുവരികയുണ്ടായി. 1960– 70കളിൽ ഇത്തരം ചില നീക്കങ്ങൾ നടന്നിരുന്നുവെങ്കിലും വിജയിക്കുകയുണ്ടായില്ല. മതത്തിന്റെ സാമൂഹ്യ - വൈയക്തിക ഇടപെടലുകളെ പകർത്തുകയും ആവർത്തിക്കയും മതമൂല്യങ്ങൾക്കുപകരം നാസ്തികമൂല്യങ്ങൾ വിന്ന്യസിക്കയും ചെയ്യുന്ന ഈ പരീക്ഷണം യഥാർത്ഥത്തിൽ യുക്തിവാദ മേഖലയുടെ ആശയ-പ്രായോഗിക തകർച്ചയുടെ ഒരു പ്രതിരൂപമായിരുന്നു. യുക്തിവാദം ബാലിശമായ ദുർവാദമായി പരിണമിക്കുന്നതാണ് ഈ പരീക്ഷണ പരാജയങ്ങളുടെ തുടർച്ചയായി നാം കണ്ടത്.

അതേസമയം വി.ടി. ഭട്ടതിരിപ്പാട്, കുറ്റിപ്പുഴ കൃഷ്ണപിള്ള തുടങ്ങിയ ചിലർ യുക്തിവാദത്തെ ഒരു സവർണ സാംസ്കാരിക നിലപാടായി പുനർനിർവചിക്കുവാൻ ശ്രമിക്കയുണ്ടായി. ഇന്ത്യൻ ദാർശനികരിലെ പ്രാചീനരായ കപിലൻ, ചാർവാകൻ, പിപ്പില്യൻ, കണാതൻ, വാഗ്ഭടൻ, ആദിത്യൻ, ചരകൻ തുടങ്ങിയ മഹർഷിമാർ പുലർത്തിയിരുന്ന കാര്യകാരണ ബന്ധത്തിലധിഷ്ഠിതമായ ജീവിതാവബോധത്തിന്റെ തുടർച്ചയാണ് യുക്തിവാദമെന്ന നിലപാട് കുറ്റിപ്പുഴക്കുണ്ടായിരുന്നു. തന്റെ ജീവിതത്തിന്റെ തുടക്കത്തിൽ നൈഷ്ഠിക ബ്രാഹ്മചാരിയും വേദാന്തിയുമായിരുന്ന കുറ്റിപ്പുഴ ആ നിലപാടിൽ നിന്നുള്ള പരിണാമമെന്ന നിലയിലാണ് യുക്തിവാദത്തിൽ എത്തിച്ചേർന്നത്. ശ്രീനാരായണ ഗുരുവുമായി കുറ്റിപ്പുഴ ബന്ധപ്പെടാനിടയായതും, നിരവധി തവണ സംഭാഷണങ്ങളിൽ ഏർപ്പെടാനിടയായതും അദ്ദേഹത്തിന്റെ ചിന്താഗതിയെ സ്വാധീനിച്ചിരുന്നു.

ഇങ്ങനെയൊക്കെയാണെങ്കിലും കുറ്റിപ്പുഴയിൽ യുക്തിവാദത്തിന്റെ വിശാല മാനവബോധം തെല്ലും സ്വാധീനം ചെലുത്തിയിരുന്നില്ല. ജാതീയതയും സവർണ മനോഭാവവും അദ്ദേഹത്തിൽ രൂഢമൂലമായിരുന്നു. ഒരുതവണ ആലുവാ അദ്വൈതാശ്രമത്തിൽ ശ്രീനാരായണ ഗുരുവിനോടൊപ്പം പന്തിഭോജനത്തിൽ പങ്കെടുക്കുമ്പോൾ ഗുരു ചോദിച്ചത് ''എല്ലാം പോയോ'' എന്നായിരുന്നുവെന്നും ജാതിബോധത്തെ ഉദ്ദേശിച്ചുള്ള ആ ചോദ്യത്തിന് ''എല്ലാം പോയി സ്വാമി'' എന്ന് താൻ ഉത്തരം നൽകിയതായും കുറ്റിപ്പുഴ കൃഷ്ണപിള്ള തന്റെ ''സ്മരണ മഞ്ജരി'' എന്ന കൃതിയിൽ പറയുന്നുണ്ട്. എന്നാൽ ജാതീയ ബോധം പിൽക്കാലത്തും കുറ്റിപ്പുഴയിൽ വളരെ ശക്തമായിത്തന്നെ നിലനിന്നിരുന്നു.

''നമ്പൂതിരിയെ മനുഷ്യനാക്കിയ'' പരിഷ്കർത്താവ് എന്ന നിലയിൽ അറിയപ്പെടുന്ന വി.ടി. ഭട്ടതിരിപ്പാടിന്റെ യുക്തിവാദവും യഥാർത്ഥത്തിൽ ഭാരതീയ ദാർശനിക പാരമ്പര്യത്തിന്റെ തുടർച്ചയായിരുന്നു. ഒരു ഹിന്ദുവിന് നാസ്തികനോ, ആസ്തികനോ ആകാനുള്ള സ്വാതന്ത്ര്യം ഹിന്ദു സംസ്കാരത്തിന്റെ ഭാഗമാണ്. ബ്രാഹ്മണ്യത്തെപ്പോലും ആചാരരഹിതവും, പാരമ്പര്യ വിരുദ്ധവുമായി നിർവചിക്കുവാൻ ഹൈന്ദവ ധർമത്തിന്റെ പ്രാമാണിക രേഖകൾ അനുവദിക്കുന്നുണ്ട്. പൂണൂൽ ധരിക്കാതെയും, ഷോഡശ ക്രിയകൾ നടത്താതെയും, നിത്യാചരണങ്ങൾ പാലിക്കാതെയും ബ്രാഹ്മണനായി തുടരാമെന്ന് അനുശാസിക്കുന്ന ഒരുത്തരീയ സംഹിത, ഉപാധിസൂത്രം തുടങ്ങിയ പ്രാചീന കൃതികൾ ഹിന്ദുത്വത്തിന്റെ രേഖകൾ തന്നെയാണ്. കപിലനും കണാദനും ചാർവാകനും, ഔത്തദനും ഹിന്ദു സന്യാസിമാർ തന്നെയാണ്. വി.ടി. ഭട്ടതിരിപ്പാട് പിന്തുടർന്നത് ഇവരുടെ പാതയാണ്. അദ്ദേഹത്തിന്റെ പൂണൂൽ ബഹിഷ്ക്കരണവും, മറക്കുട വിപാടനവും, വിധവാ വിവാഹാദർശവുമൊക്കെ വിപ്ലവകരമായ അർത്ഥത്തിൽ പരിഗണിക്കപ്പെട്ടത് കേരളീയ സമൂഹത്തിലെ സവിശേഷ ഘടകങ്ങളുടെ പശ്ചാത്തലത്തിലാണ്. ബ്രാഹ്മണ്യമെന്നത് കാലാകാലങ്ങളായി പിന്തുടർന്നുവരുന്ന കേരളീയ ബ്രാഹ്മണാചാരങ്ങളും സാമൂഹ്യരീതികളും മാത്രമാണ് എന്ന് മനസ്സിലാക്കുകയും ധരിക്കുകയും ചെയ്തിരുന്നതിനാൽ പാരമ്പര്യരഹിതമായ പ്രവർത്തനങ്ങളെ വിപ്ലവങ്ങളായി ധരിക്കാനിടയായി.

വി.ടി. നവോത്ഥാന നായകനും വിപ്ലവകാരിയുമായിത്തീർന്നത് മേല്പറഞ്ഞ പശ്ചാത്തലത്തിലാണ്. ഹിന്ദുത്വത്തിന്റെ തന്നെ ആശയഗതികൾക്കനുസൃതമായിരുന്നു യഥാർത്ഥത്തിൽ വി.ടി.യുടെ പ്രവർത്തനങ്ങളെന്ന് അദ്ദേഹം തന്നെ അറിഞ്ഞിരുന്നുവോ എന്നത് മറ്റൊരന്വേഷണ വിഷയമാണ്. എന്നാൽ ഹിന്ദു ധർമശാസ്ത്രത്തിന്റെ വെളിച്ചത്തിൽ ചിന്തിക്കുമ്പോൾ വി.ടി. ഭട്ടതിരിപ്പാട് ഒരു ഹിന്ദു പരിഷ്ക്കരണവാദിയും പരിഷ്കർത്താവും മാത്രമായിരുന്നു. അദ്ദേഹത്തെ യുക്തിവാദികൾ യുക്തിവാദി ആചാര്യനായി കരുതുന്നത് അവരുടെ അജ്ഞതയുടെ പ്രതിഫലനമാണ്. യുക്തിവാദികൾക്ക് അനുഗുണമായ ചിന്താഗതികൾ പുലർത്തിയ പലരെയും അവർ അംഗീകരിക്കുന്നുണ്ട്. ഹിന്ദു സന്യാസിമാരായിരുന്ന ശ്രീനാരായണഗുരു ബ്രഹ്മാനന്ദസ്വാമി ശിവയോഗി തുടങ്ങിയവരെ യുക്തിവാദികൾ ആദരിക്കുന്നത് ഇവരെല്ലാം പാരമ്പര്യ ഹിന്ദുത്വത്തിന് വിരുദ്ധമായ പ്രവർത്തനങ്ങൾ നടത്തി എന്നതുകൊണ്ടാണ്. വി.ടിയുടെ കാര്യത്തിലും ഈയൊരു മാനദണ്ഡം മാത്രമേ പരിഗണിക്കാൻ കഴിയൂ. കേരളത്തിലെ യുക്തിവാദികൾ പുലർത്തുന്ന പല നിലപാടുകൾക്കും വി.ടി. എതിരായിരുന്നു.

എന്നിട്ടും അദ്ദേഹം യുക്തിവാദി ആചാര്യനായി പരിഗണിക്കപ്പെട്ടത് എന്തുകൊണ്ട് എന്ന് ചിന്തിക്കുമ്പോൾ, കേരളത്തിലെ യുക്തിവാദികൾ അകപ്പെട്ടിരിക്കുന്ന ആശയപാപ്പരത്തത്തിന്റെ ആഴവും പരപ്പും വ്യക്തമാകുന്നുണ്ട്. മതവിരുദ്ധവും പാരമ്പര്യ വിരുദ്ധവുമായ എല്ലാ ആശയാദർശങ്ങളെയും യുക്തിവാദത്തിന്റെ മേഖലയിൽ ഉൾപ്പെടുത്തേണ്ടിവന്നിരിക്കയാണ് കേരളത്തിലെ യുക്തിവാദികൾക്ക്.

മതത്തിനകത്തുനിന്നുകൊണ്ട് മതവിരുദ്ധമായ പ്രവണതകൾ പുലർത്തുന്നവരെപ്പോലും തങ്ങളുടെ പട്ടികയിൽ ചേർക്കുവാൻ കേരളത്തിലെ യുക്തിവാദികൾ ശ്രമിച്ചു എന്നുവരാം.

യുക്തിവാദത്തിന് അടിസ്ഥാനപരവും ദൃഢവുമായ ഒരു മൗലികാടിത്തറയില്ല എന്നതാണ് ഇതിന്റെ കാരണം.